I/63753/2024

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം,
ഹൗസിംഗ് ബോർഡ് ബിൽഡിംങ്സ്,
ശാന്തിനഗർ, തിരുവനന്തപുരം

**HSE/9210/2024-Exam V-1**

:28-05-2024

<u>പരിപത്രം</u>

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് –ഹയർസെക്കൻററി പരീക്ഷാ വിഭാഗം -ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷ മാർച്ച് 2024- ഉത്തരകടലാസുകളുടെ പുനർമൂല്യനിർണ്ണയം, സൂക്ഷ്മപരിശോധന ,ഫോട്ടോകോപ്പി - സംബന്ധിച്ച്

.

2024 മാർച്ച് മാസം നടന്ന ഒന്നാം വർഷ ഹയർസെക്കൻററി പരീക്ഷയുടെ ഫലം 28/05/2024 തീയതിയിൽ പ്രസിദ്ധീകരിച്ചു . പരീക്ഷാ ഫലം **www.keralaresults.nic.in** എന്ന വെബ് സൈറ്റിൽ ലഭ്യമാണ് .

ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം , സൂക്ഷ്മപരിശോധന, ഫോട്ടോകോപ്പി എന്നിവയ്ക്കുള്ള നിർദ്ദിഷ്ട ഫോറങ്ങളിലുള്ള അപേക്ഷകൾ നിർദ്ദിഷ്ട ഫീസ് സഹിതം , വിദ്യാർത്ഥികൾ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂളിലെ പ്രിൻസിപ്പാളിന് 04/06/2024 തീയതിയ്ക്കകം സമർപ്പിക്കേണ്ടതാണ് .

ലക്ഷദ്വീപ് ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലെ ഹയർസെക്കൻററി സ്കൂളുകളിലെ വിദ്യാർത്ഥികളുടെ അപേക്ഷാ ഫീസ് ഡിമാൻറ് ഡ്രാഫ്റ്റ് ((Drawn in favour of Joint Director, Examinations (Higher Secondary Wing), Directorate of General Education, Thiruvananthapuram) മുഖാന്തിരം അതാതു സ്കൂൾ പ്രിൻസിപ്പൽമാർ മേൽ പറഞ്ഞ തീയതിയ്ക്കകം സമർപ്പിക്കേണ്ടതാണ് .

ഗവൺമെൻറ്/ എയിഡഡ് ഹയർസെക്കൻററി സ്കൂൾ പ്രിൻസിപ്പൽമാർ പൂരിപ്പിച്ച അപേക്ഷകളോടൊപ്പം പുനർമൂല്യനിർണ്ണയ ഫീസ് കൈപറ്റി പി ഡി എക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും , സൂക്ഷ്മപരിശോധന , ഫോട്ടോകോപ്പി എന്നിവയ്ക്കായുള്ള ഫീസ് ട്രഷറിയിൽ ഒടുക്കേണ്ടതുമാണ് . സൂക്ഷ്മപരിശോധന, ഫോട്ടോകോപ്പി എന്നിവക്കായുള്ള അപേക്ഷ ഫീസ് **"0202-01-102-97-03 (other receipts)"** എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടവാക്കേണ്ടതാണ് . റീഫണ്ടിന് അർഹരായ വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പൽമാർ തുക അനുവദിച്ചു നൽകിയതിനു ശേഷം ബാക്കിയുള്ള തുക ബന്ധപ്പെട്ട ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ചലാൻ പകർപ്പ് ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതും അസൽ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ് .

I/63753/2024

എന്നാൽ അൺഎയിഡഡ് ഹയർസെക്കൻററി സ്കൂളുകളിൽ നിന്നും പുനർമൂല്യനിർണ്ണയം ,സൂക്ഷ്മപരിശോധന , ഫോട്ടോകോപ്പി എന്നിവയ്ക്കായി അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ ഫീസ് മേൽ പറഞ്ഞ തീയതിക്കുള്ളിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ് . റീഫണ്ടിന് അർഹരായ അൺഎയിഡഡ് സ്കൂൾ വിദ്യാർത്ഥികളുടെ അപേക്ഷ ,ചെലാൻ ,ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പ് സഹിതം അതാത് സ്കൂൾ പ്രിൻസിപ്പൽമാർ മുഖേന ഹയർസെക്കൻററി ഡയറക്ടറേറ്റിലേയ്ക്ക് അയച്ചു നൽകേണ്ടതാണ്.

അപേക്ഷാഫോറങ്ങൾ അതാത് സ്കൂളുകളിൽ /ഡിപാർട്ട്മെൻറ് പോർട്ടലിൽ നിന്നും ലഭിക്കുന്നതാണ്.

പ്രസ്തുത വിവരങ്ങൾ പ്രിൻസിപ്പൽമാർ 06/06/2024 തീയതിക്കുള്ളിൽ I Exam മുഖേനയുള്ള ലിങ്കിലൂടെ അപ്ലോഡ് ചെയ്യേണ്ടതാണ് . **യാതൊരു കാരണവശാലും അപേക്ഷകൾ ഹയർസെക്കൻററി ഡയറക്ടറേറ്റിൽ നേരിട്ട് സ്വീകരിക്കുന്നതല്ല .**

**<u>ഫീസ് വിവരങ്ങൾ</u>**

**പുനർമൂല്യനിർണ്ണയം** - Rs 500/-per subject

**സൂക്ഷ്മപരിശോധന** - Rs 100/-per subject

**ഫോട്ടോകോപ്പി** - Rs 300/-per subject

Head Of Account 0202-01-1 02-97-03 (other receipts )

**സെക്രട്ടറി**

**&**

**ജോയിൻറ് ഡയറക്ടർ**

**ബോർഡ്ഓഫ് ഹയർസെക്കൻററി**

**എക്സാമിനേഷൻ , കേരള**

എല്ലാ ഗവൺമെൻറ്/ എയിഡഡ് /അൺഎയിഡഡ് ഹയർസെക്കൻററി സ്കൂൾ പ്രിൻസിപ്പൽമാരുടെയും അറിവിലേക്കായി

Signed by
Dr. S S Vivekanandan
Date: 28-05-2024 17:05:52